**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ശ്രീമതി.എം.പി.നൂർജി, പ്രോഗ്രാം ഓഫീസർ - ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 551/2013/സാ.നീ.വ. തീയതി, തിരുവനന്തപുരം: 31.10.2013.

==========================================================================

പരാമർശം:- 1. സ.ഉ.(പി) 23/10/സാ.ക്ഷേ.വ. തീയതി 30.03.2010.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 15.10.2013-ലെ ഇ9/18889/2013 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിൽ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ മൂന്ന് തസ്തികകൾ ഒഴിവുണ്ടെന്നും പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള റേഷ്യോ പ്രകാരം ഇവ പ്രോഗ്രാം ഓഫീസർമാർക്ക് അർഹതപ്പെട്ടതാണെന്നും, ആയതിനാൽ 23.07.2011 മുതൽ പ്രോഗ്രാം ഓഫീസറായി സേവനമനുഷ്ഠിച്ച് വരുന്നതും, ജില്ലാ സാമൂഹ്യനീതി ഓഫീസറായി ഉദ്യോഗക്കയറ്റം ലഭിക്കാൻ യോഗ്യതയുള്ളതും, ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ/പ്രോഗ്രാം ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ടതുമായ ശ്രീമതി.എം.പി.നൂർജി 31.10.2013-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ടിയാൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം താത്ക്കാലിക ഉദ്യോഗക്കയറ്റം നല്കുന്നതിനുള്ള [illegible] ഇളവ് ചെയ്ത് ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ/പ്രോഗ്രാം ഓഫീസർ ആയ ശ്രീമതി.എം.പി.നൂർജിയെ തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറായി താത്ക്കാലിക പ്രൊമോഷൻ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഗോവിന്ദൻ നമ്പൂതിരി.വി.എസ്**

അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി.എം.പി.നൂർജി (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

# സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ ഇ11-20171/13 | തിരുവനന്തപുരം, തീയതി 31-10-2013.

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. എം.പി. നൂർജി, പ്രോഗ്രാം ഓഫീസർ - ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ - താല്ക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സ.ഉ (സാധാ) നം. 551/2013/സാനീവ തീയതി: 31.10.2013

പരാമർശ പ്രകാരം ശ്രീമതി. എം.പി. നൂർജി, പ്രോഗ്രാം ഓഫീസർ, കോട്ടയത്തിന് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ 31.10.2013ൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ജില്ലയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി. എം. പി. നൂർജി, പ്രോഗ്രാം ഓഫീസർ, കോട്ടയം; ശ്രീ. സി. ആർ. വേണുഗോപാൽ, പ്രോഗ്രാം ഓഫീസർ, തൃശൂരിൽ നിന്നും ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ചുമതല ഏറ്റെടുക്കേണ്ടതാണ്.

ശ്രീമതി. എം. പി. നൂർജി, 31.10.2013 A.Nൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ശ്രീ. സി. ആർ. വേണുഗോപാൽ, പ്രോഗ്രാം ഓഫീസർ, തൃശൂരിന് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല തുടർന്നും നൽകികൊണ്ടും ഉത്തരവാകുന്നു.

ഒപ്പ്
**സാമൂഹ്യ നീതി ഡയറക്ടർ**

1) ശ്രീമതി. എം.പി. നൂർജി, പ്രോഗ്രാം ഓഫീസർ, കോട്ടയം
2) ശ്രീ. സി. ആർ. വേണുഗോപാൽ, പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്
3. ജില്ലാ സാമൂഹ്യനീതി ഓഫീസർ, തൃശ്ശൂർ
4. ~~ജില്ലാ~~ പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ
5. ഇ9 സീറ്റ്
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

SK/13

27533